257

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# അസ്പൃശ്യതാ (കുററങ്ങൾ) ആക്ററ്, 1955

(1955-ലെ 22-ാം നമ്പർ ആക്ററ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില :

കേന്ദ്ര ഗവൺമെന്റ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# അസ്പൃശ്യതാ (കുററങ്ങൾ) ആക്റ്റ്, 1955

## (1955-ലെ 22-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

# അസ്പൃശ്യതാ (കുററങ്ങൾ) ആക്ററ്, 1955

(1955-ലെ 22-ാം നമ്പർ ആക്ററ്)

## "അസ്പൃശ്യത" യുടെ ആചരണത്തിനും അതിൽനിന്ന് ഉളവാകുന്ന ഏതെങ്കിലും അവശത നിർബന്ധിച്ച് ഏല്പ്പിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും, ശിക്ഷ നിർണ്ണയിക്കുവാനുള്ള ആക്ററ്

[1955 മേയ്, 8]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ ആറാം സംവൽസരത്തിൽ പാർലമെൻററ് താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. <u>ചുരുക്കപ്പേറും വ്യാപ്തിയും പ്രാരംഭവും.</u>—(1) ഈ ആക്ററിന് അസ്പൃശ്യതാ (കുററങ്ങൾ) ആക്ററ്, 1955 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

(3) ഇത് കേന്ദ്രഗവൺമെൻററ് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. <u>നിർവ്വചനങ്ങൾ.</u>—ഈ ആക്ററിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) "ഹോട്ടലി" ൽ ലഘുഭക്ഷണശാലയും, ബോർഡിങ്ങ് ഹൗസും ലാഡ്ജിങ്ങ് ഹൗസും, കാഫിഹൗസും, കഫേയും ഉൾപ്പെടുന്നു :

(ഖ) "സ്ഥല" ത്തിൽ വീടും, കെട്ടിടവും, കൂടാരവും, ജലയാനവും

(ഗ) "പൊതുവിനോദസ്ഥല" ത്തിൽ, പൊതുജനങ്ങൾക്ക് പ്രവേശനം നല്കുകയും വിനോദം ഏർപ്പെടുത്തുകയോ നടുത്തുകയോ ചെയ്യുകയും ചെയ്യുന്ന ഏത് സ്ഥലവും ഉൾപ്പെടുന്നു.

<u>വിശദീകരണം.</u>—"വിനോദ" ത്തിൽ ഏത് പ്രദർശനവും, പ്രകടനവും, കളിയും, കായികവിനോദവും മറേറതു തരത്തിലുള്ള നേരമ്പോക്കും ഉൾപ്പെടുന്നു ;

(ഘ) "പൊതു ആരാധനസ്ഥലം" എന്നാൽ മതപരമായ ഒരു പൊതു ആരാധനസ്ഥലമായി ഉപയോഗിക്കപ്പെടുന്നതോ, അല്ലെങ്കിൽ ഏതെങ്കിലും മതപരമായ ശുശ്രൂഷ നടത്തുന്നതിനോ അല്ലെങ്കിൽ അവിടെവച്ച് പ്രാർത്ഥന നടത്തുന്നതിനോവേണ്ടി, സാമാന്യമായി, ഏതെങ്കിലും മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അല്ലെങ്കിൽ ഏതെങ്കിലും മതവിഭാഗത്തിലോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ ആളുകൾക്ക് സമർപ്പിക്കപ്പെട്ടിട്ടുള്ളതോ അല്ലെങ്കിൽ സാമാന്യമായി അവരാൽ ഉപയോഗിക്കപ്പെടുന്നതോ ആയ ഒരു സ്ഥലം, അത് ഏതുപേരിൽ അറിയപ്പെട്ടാലും, എന്ന അർത്ഥമാകുന്നതും ; അതിൽ അങ്ങനെയുള്ള ഏതെങ്കിലും സ്ഥലത്തോട് ചേർന്നതോ ബദ്ധമായതോ ആയ എല്ലാ ഭൂമികളും ഉപാരാധനാസ്ഥലങ്ങളും ഉൾപ്പെടുന്നതും ആകുന്നു;

(ങ) 'കട' എന്നാൽ സാമാനങ്ങൾ മൊത്തമായോ ചില്ലറയായോ അല്ലെങ്കിൽ മൊത്തവും ചില്ലറയുമായോ വില്ക്കുന്ന ഏതെങ്കിലും കെട്ടിട പരിസരങ്ങൾ എന്നർത്ഥമാകുന്നതും, അതിൽ ഒരു അലക്കുശാലയും, മുടി വെട്ടുന്ന സലൂണും, പതിവുകാർക്ക് സേവനങ്ങൾ ചെയ്തുകൊടുക്കുന്ന മറ്റേത് സ്ഥലവും ഉൾപ്പെടുന്നതുമാകുന്നു.

3. മതപരമായ അവശതകൾ നിർബന്ധിച്ചേല്പ്പിക്കുന്നതിനുള്ള ശിക്ഷ.—"അസ്പൃശ്യത" കാരണമാക്കി ഏതെങ്കിലും ആളെ—

(ക) അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അതേ മതവിഭാഗത്തിലോ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ മററ് ആളുകൾക്ക് പ്രവേശനമുള്ള ഏതെങ്കിലും പൊതു ആരാധനസ്ഥലത്ത് പ്രവേശിക്കുന്നതിനോ ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അല്ലെങ്കിൽ അതേ മതവിഭാഗത്തിലോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ മററ് ആളുകൾക്ക് ചെയ്യാവുന്ന അതേ രീതിയിലും ചെയ്യാവുന്നിടത്തോളവും, ഏതെങ്കിലും പൊതു ആരാധനാ സ്ഥലത്തുവച്ച് ആരാധിക്കുകയോ, പ്രാർത്ഥനകൾ നടത്തുകയോ അല്ലെങ്കിൽ ഏതെങ്കിലും മതപരമായ ശുശ്രൂഷനടത്തുകയോ ; അല്ലെങ്കിൽ വിശുദ്ധമായ ഏതെങ്കിലും കുളത്തിലേയോ, കിണററിലേയോ, ഉറവിലേയോ വെള്ളച്ചാലിലേയോ വെള്ളത്തിൽ കുളിക്കുകയോ അത് ഉപയോഗിക്കുകയോ ചെയ്യുന്നതിൽനിന്നോ,

തടയുന്ന ഏതൊരാളും ആറു മാസത്തോളമാകാവുന്ന തടവോ, അല്ലെങ്കിൽ അഞ്ഞൂറു രൂപവരെയാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽരണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റേയും 4-ാം വകുപ്പിന്റേയും ആവശ്യങ്ങൾക്ക് ബുദ്ധമതത്തിലോ, സിക്കുമതത്തിലോ, ജൈനമതത്തിലോ വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകളോ അല്ലെങ്കിൽ ഹിന്ദുമതത്തിൽ, അതിന്റെ ഏതു രൂപത്തിലും വികസനരൂപത്തിലുമായാലും, വീരശൈവരും, ലിങ്കായത്തുകളും, ആദിവാസികളും, ബ്രഹ്മസമാജ്, പ്രാർത്ഥനാസമാജ്, ആര്യസമാജ്, സ്വാമി നാരായൺ സമ്പ്രദയ് എന്നിവരുടെ അനുയായികളും ഉൾപ്പെടെ, വിശ്വാസം പ്രകടിപ്പിക്കുന്ന ആളുകളോ ഹിന്ദുക്കളായി കരുതപ്പെടുന്നതാകുന്നു.

4. സാമൂഹ്യമായ അവശതകൾ നിർബന്ധിച്ചേല്പിക്കുന്നതിനുള്ള ശിക്ഷ.—"അസ്പൃശ്യത" കാരണമാക്കി ഏതെങ്കിലും ആൾക്ക് എതിരായി—

(i) ഏതെങ്കിലും കടയിലോ പൊതുഭോജനശാലയിലോ ഹോട്ടലിലോ പൊതുവിനോദസ്ഥലത്തോ പ്രവേശിക്കുന്നതോ ; അല്ലെങ്കിൽ

(ii) സാമാന്യേനയുള്ള പൊതുജനങ്ങളുടേയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അല്ലെങ്കിൽ അതേ മതവിഭാഗത്തിലോ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ ആളുകളുടേയോ ഉപയോഗത്തിനായി ഏതെങ്കിലും പൊതു ഭോജനശാലയിലോ, ഹോട്ടലിലോ, ധർമ്മശാലയിലോ, സരായിയിലോ, മുസാഫിർഖാനയിലോ സൂക്ഷിച്ചിട്ടുള്ള ഏതെങ്കിലും പാത്രങ്ങളും മററു സാധനങ്ങളും ഉപയോഗിക്കുന്നതോ ; അല്ലെങ്കിൽ

(iii) ഏതെങ്കിലും വൃത്തിയിലോ ജീവനത്തിലോ ഏർപ്പെടുകയോ, ഏതെങ്കിലും വ്യാപാരമോ ബിസിനസ്സോ നടത്തിക്കൊണ്ട് പോവുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(iv) മററു പൊതുജനങ്ങൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അല്ലെങ്കിൽ അതേ മതവിഭാഗത്തിലോ അതിലെ ഏതെങ്കിലും പിരവിലോ ഉള്ളവരോ ആയ ആളുകൾക്കോ ഉപയോഗത്തിനോ പ്രവേശനത്തിനോ അവകാശമുള്ള ഏതെങ്കിലും നദിയോ, അരുവിയോ, ഉറവോ, കിണറോ, കുളമോ, നീർതൊട്ടിയോ, വെള്ളമെടുക്കുന്ന ടാപ്പോ, വെള്ളത്തിനുള്ള മററ് സ്ഥലമോ, അല്ലെങ്കിൽ ഏതെങ്കിലും സ്നാനഘട്ടമോ, കടവോ, ശവം അടക്കം ചെയ്യുന്നതോ ദഹിപ്പിക്കുന്നതോ ആയ സ്ഥലമോ, ഏതെങ്കിലും ശുചീകരണം സംബന്ധിച്ച മറപ്പുരയോ, ഏതെങ്കിലും റോഡോ, വഴിയോ അല്ലെങ്കിൽ മറേറതെങ്കിലും പൊതുഗമ്യസ്ഥലമോ ഉപയോഗിക്കുകയോ, അവിടെ പ്രവേശിക്കുകയോ ചെയ്യുന്നതോ ; അല്ലെങ്കിൽ

(v) പൂർണ്ണമായോ ഭാഗികമായോ, സ്റേററിന്റെ പണംകൊണ്ട് സംരക്ഷിക്കപ്പെടുന്നവയോ സാമാന്യേനയുള്ള പൊതുജനങ്ങളുടേയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടപ്പിക്കുന്നവരോ അല്ലെങ്കിൽ അതേ മതവിഭാഗത്തിലോ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ ആളുകളുടേയോ, ഉപയോഗത്തിനായി സമർപ്പിക്കപ്പെട്ടവയോ ആയതും ധർമ്മപരമായ ആവശ്യത്തിനോ പൊതുവായ ആവശ്യത്തിനോ ഉപയോഗിക്കപ്പെടുന്നതോ ആയ ഏതെങ്കിലും സ്ഥലം ഉപയോഗിക്കുകയോ അവിടെ പ്രവേശിക്കുകയോ ചെയ്യുന്നതോ ; അല്ലെങ്കിൽ

(vi) സാമാന്യേനയുള്ള പൊതുജനങ്ങളുടേയോ, അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ അതേമതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അല്ലെങ്കിൽ അതേ മതവിഭാഗത്തിലോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ ആളുകളുടേയോ ഗുണത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ധർമ്മപരമായ ഒരു ട്രസ്ററിൻകീഴിലുള്ള ഏതെങ്കിലും ഗുണം അനുഭവിക്കുന്നതോ; അല്ലെങ്കിൽ

(vii) ഏതെങ്കിലും പൊതുവാഹനം ഉപയോഗിക്കുകയോ അല്ലെങ്കിൽ അതിൽ പ്രവേശിക്കുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(viii) ഏതെങ്കിലും പ്രദേശത്ത്, അത് ഏതായാലും, താമസത്തിനുള്ള ഏതെങ്കിലും കെട്ടിട പരിസരങ്ങൾ ഉണ്ടാക്കുകയോ ആർജ്ജിക്കുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(ix) സാമാന്യേനയുള്ള പൊതുജനങ്ങൾക്കോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുടെ അതേ മതത്തിൽ വിശ്വാസം പ്രകടിപ്പിക്കുന്നവരോ അതേ മതവിഭാഗത്തിലോ അതിലെ ഏതെങ്കിലും പിരിവിലോ ഉള്ളവരോ ആയ ആളുകൾക്കോ പ്രവേശനമുള്ള ഏതെങ്കിലും ധർമ്മശാലയോ, സറായിയോ മൂസാഫിർഖാനയോ ഉപയോഗിക്കുന്നതോ; അല്ലെങ്കിൽ

(x) സാമൂഹ്യമോ മതപരമോ ആയ ഏതെങ്കിലും ആചാരമോ, വഴക്കമോ, അടിയന്തരമോ അനുഷ്ഠിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും മതപരമായ ഘോഷയാത്രയിൽ പങ്കെടുക്കുകയോ ചെയ്യുന്നതോ; അല്ലെങ്കിൽ

(xi) ആഭരണവും അലങ്കാരവസ്തുവും ഉപയോഗിക്കുന്നതോ;

സംബന്ധിച്ച് ഏതെങ്കിലും അശക്തത നിർബന്ധിച്ചേല്പിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

5. **ആശുപത്രി മുതലായവയിൽ ആളുകളെ പ്രവേശിപ്പിക്കാൻ വിസമ്മതിക്കുന്നതിനുള്ള ശിക്ഷ**— 'അസ്പൃശ്യത' കാരണമായി

(ക) ഏതെങ്കിലും ആശുപത്രിയോ, ഡിസ്പൻസറിയോ, വിദ്യാഭ്യാസസ്ഥാപനമോ അല്ലെങ്കിൽ അതിനോടുചേർന്ന ഏതെങ്കിലും ഹോസ്റ്റലോ, സാമാന്യമായുള്ള പൊതുജനങ്ങളുടേയോ അല്ലെങ്കിൽ അവരിൽ ഏതെങ്കിലും വിഭാഗത്തിന്റേയോ ഗുണത്തിനായി സ്ഥാപിച്ചിട്ടുള്ളതോ സംരക്ഷിക്കപ്പെടുന്നതോ ആയിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും ആശുപത്രിയിലോ ഡിസ്പെൻസറിയിലോ വിദ്യാഭ്യാസസ്ഥാപനത്തിലോ ഹോസ്റ്റലിലോ ഏതെങ്കിലും ആൾക്ക് പ്രവേശനം നല്കാൻ വിസമ്മതിക്കുകയോ; അല്ലെങ്കിൽ

(ഖ) മുൻപറഞ്ഞ സ്ഥാപനങ്ങളിൽ ഏതിലെങ്കിലും പ്രവേശനം നല്കിയതിനുശേഷം, അങ്ങനെയുള്ള ആൾക്ക് എതിരായി വിവേചനം കാണിക്കുന്ന ഏതെങ്കിലും കൃത്യം ചെയ്യുകയോ,

ചെയ്യുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറു രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

6. **സാധനങ്ങൾ വില്ക്കുവാനോ സേവനങ്ങൾ ചെയ്തുകൊടുക്കാനോ വിസമ്മതിക്കുന്നതിനുള്ള ശിക്ഷ** — "അസ്പൃശ്യത" കാരണമാക്കി, ഏതെങ്കിലും ആൾക്ക്, സാധാരണ ബിസിനസ്സ് മുറയിൽ ഏതെങ്കിലും സാമാനമോ സേവനമോ, മററാളുകൾക്ക് അങ്ങനെയുള്ള സാമാനം വില്ക്കുകയോ സേവനം ചെയ്തു കൊടുക്കുകയോ ചെയ്യുന്ന അതേ സമയത്തും സ്ഥലത്തുവച്ചും അതേ നിബന്ധനകളിൻമേലും ഉപാധികളിൻമേലും വില്ക്കുവാനോ ചെയ്തുകൊടുക്കുവാനോ വിസമ്മതിക്കുന്ന ഏതൊരാളും ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

7. **'അസ്പൃശ്യത'യിൽനിന്ന് ഉദ്ഭവിക്കുന്ന മററു കുററങ്ങൾക്കുള്ള ശിക്ഷ.**— (1) ഏതൊരാളാണോ.

(ക) ഏതെങ്കിലും ആളെ, അയാൾക്ക് ഭരണഘടനയിലെ 17-ാം അനുച്ഛേദത്തിൻകീഴിൽ 'അസ്പൃശ്യത' നിറുത്തലാക്കിയതു കാരണം സിദ്ധിച്ച ഏതെങ്കിലും അവകാശം പ്രയോഗിക്കുന്നതിൽ നിന്ന് തടയുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള ഏതെങ്കിലും അവകാശത്തിന്റെ പ്രയോഗത്തിൽ ഏതെങ്കിലും ആളെ അസഹ്യപ്പെടുത്തുകയോ, ക്ഷതിപ്പെടുത്തുകയോ, അലട്ടുകയോ, തടസ്സപ്പെടുത്തുകയോ, തടസ്സത്തിന് കാരണമാക്കുകയോ, അതിന് ശ്രമിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും അവകാശം പ്രയോഗിച്ചു എന്ന കാരണത്താൽ ഏതെങ്കിലും ആളെ അസഹ്യപ്പെടുത്തുകയോ ക്ഷതിപ്പെടുത്തുകയോ, അലട്ടുകയോ ബഹിഷ്കരിക്കുകയോ; അല്ലെങ്കിൽ

(ഗ) പറയുകയോ എഴുതുകയോ ചെയ്യുന്ന വാക്കുകളാലോ അല്ലെങ്കിൽ ആംഗ്യങ്ങളാലോ ദൃശ്യമായ പ്രതിരൂപണങ്ങളാലോ മററു പ്രകാരത്തിലോ ഏതെങ്കിലും ആളേയോ ആളുകളുടെ വർഗ്ഗത്തേയോ അല്ലെങ്കിൽ പൊതുജനങ്ങളെ സാമാന്യമായോ അസ്പൃശ്യത, ഏതു രൂപത്തിലുള്ളതായാലും ആചരിക്കുവാൻ ഇളക്കിവിടുകയോ പ്രോൽസാഹിപ്പിക്കുകയോ, ചെയ്യുന്നത്, അയാൾ ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

വിശദീകരണം: — യാതൊരാളാണോ—

(ക) മററാൾക്ക് ഏതെങ്കിലും വീടോ ഭൂമിയോ വാടകയ്ക്ക് കൊടുക്കാൻ വിസമ്മതിക്കുകയോ അല്ലെങ്കിൽ അത് ഉപയോഗിക്കുവാനോ കൈവശം വയ്ക്കുവാനോ അയാളെ അനുവദിക്കുവാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ മററാരാളുമായി ഇടപെടാനോ അയാൾക്ക് പണി ചെയ്യുവാനോ, അയാൾക്ക് കൂലി വേലചെയ്യുവാനോ അല്ലെങ്കിൽ അയാളുമായി ബിസിനസ്സ് ചെയ്യുവാനോ അല്ലെങ്കിൽ ഏതെങ്കിലും പതിവ് പ്രകാരമുള്ള സേവനങ്ങൾ അയാൾക്ക് ചെയ്തുകൊടുക്കാനോ അയാളിൽനിന്ന് സ്വീകരിക്കുവാനോ വിസമ്മതിക്കുകയോ, അല്ലെങ്കിൽ മേല്പറഞ്ഞ സംഗതികളിൽ ഏതെങ്കിലും, സാധാരണ ബിസിനസ്സ് മുറയിൽ സാധാരണമായി ചെയ്യപ്പെടുന്ന നിബന്ധനകളിൻമേൽ ചെയ്യുവാൻ വിസമ്മതിക്കുകയോ; അല്ലെങ്കിൽ

(ഖ) മററാരാളുമായി അയാൾ സാധാരണമായി നിലനിറുത്താറുള്ള സാമൂഹ്യമോ വൃത്തിപരമോ, ബിസിനസ്സ് പരമോ ആയ ബന്ധങ്ങൾ നിലനിറുത്താതിരിക്കുകയോ ചെയ്യുന്നത്;

അയാൾ അങ്ങനെയുള്ള മറേറയാളെ ബഹിഷ്കരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

(2) യാതൊരാളാണോ—

(i) തൻെറ സമുദായത്തിലോ അതിലെ ഏതെങ്കിലും വിഭാഗത്തിലോ പെട്ട ഏതെങ്കിലും ആളെ അങ്ങനെയുള്ള സമുദായത്തിലേയോ വിഭാഗത്തിലേയോ ഒരംഗമെന്ന നിലയിൽ അയാൾക്ക് അവകാശപ്പെടുന്ന ഏതെങ്കിലും അവകാശമോ വിശേഷാവകാശമോ നിഷേധിക്കുകയോ, അല്ലെങ്കിൽ

(ii) അങ്ങനെയുള്ള ആൾ ''അസ്പൃശ്യത'' ആചരിക്കുവാൻ വിസമ്മതിച്ചിട്ടുണ്ടെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾ ഈ ആക്ററിൻെറ ലക്ഷ്യങ്ങൾ പുരോഗമിപ്പിക്കുന്നതിൽ ഏതെങ്കിലും കൃത്യം ചെയ്തിട്ടുണ്ടെന്നോ ഉള്ളത് കാരണമാക്കി അങ്ങനെയുള്ള ആൾക്ക് ഭ്രഷ്ട് കൽപിക്കുന്നതിൽ ഏതെങ്കിലും പങ്ക് വഹിക്കുകയോ,

ചെയ്യുന്നത്, അയാൾ ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അഞ്ഞൂറുരൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

8. ചില സംഗതികളിൽ ലൈസൻസുകൾ റദ്ദാക്കുകയോ സസ്പെൻഡ്
ചെയ്യുകയോ ചെയ്യുന്നത്.— 6-ാം വകുപ്പിൻ കീഴിലുള്ള ഒരു കുററത്തിന്
കുററസ്ഥാപനം ചെയ്യപ്പെട്ട ഒരാൾ, തൽസമയം പ്രാബല്യത്തിലുള്ള ഏതെ
ങ്കിലും നിയമത്തിൻകീഴിൽ ഏത് വൃത്തിയോ, വ്യാപാരമോ, ജീവികയോ,
നിയോജനമോ സംബന്ധിച്ചാണോ ആ കുററം ചെയ്തിട്ടുള്ളത്, ആ കൃത്യമോ,
വ്യാപാരമോ, ജീവികയോ നിയോജനമോ സംബന്ധിച്ച് അയാൾക്ക് ഏതെ
ങ്കിലും ലൈസൻസ് ഉണ്ടെങ്കിൽ ആ കുററം വിചാരണ ചെയ്യുന്ന കോടതിക്ക്,
ആ വകുപ്പിൻകീഴിൽ അങ്ങനെയുള്ള ആൾ അർഹിക്കുന്ന മറേറതെങ്കിലും ദണ്ഡ
നത്തിന് ഭംഗം വരാത്തവിധം, ലൈസൻസ് റദ്ദാക്കപ്പെട്ടിരിക്കുന്നുവെന്നോ,
കോടതിക്ക് യുക്തമെന്ന് തോന്നുന്ന കാലത്തേക്ക് സസ്പെൻറു ചെയ്തിരി
ക്കുന്നുവെന്നോ നിർദ്ദേശിക്കാവുന്നതും, അപ്രകാരം ഒരു ലൈസൻസ് റദ്ദാ
ക്കുകയോ സസ്പെൻറ് ചെയ്യുകയോ ചെയ്യുന്ന കോടതിയുടെ ഏത് ഉത്തര
വിനും, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ ആ ലൈസൻസ് റദ്ദാ
ക്കാനോ സസ്പെൻറ് ചെയ്യാനോ ക്ഷമതയുള്ള അധികാരസ്ഥാനം പുറപ്പെടു
വിച്ചതായിരുന്നാലെന്നപോലെ പ്രഭാവമുണ്ടായിരിക്കുന്നതുമാണ്.

വിശദീകരണം.— വകുപ്പിൽ "ലൈസൻസി"ൽ പെർമിറേറാ അനുവാദമോ
ഉൾപ്പെടുന്നു.

9. ഗവൺമെൻറ് നൽകുന്ന ഗ്രാൻറുകൾ തിരിച്ചെടുക്കുകയോ നിർത്തി
വയ്ക്കുകയോ ചെയ്യുന്നത് — ഗവൺമെൻറിൽ നിന്ന് ഭൂമിയോ പണമോ
ഗ്രാൻറായി കിട്ടുന്ന ഒരു പൊതു ആരാധന സ്ഥലത്തിൻെറ മാനേജരോ ട്രസ്
ററിയോ ഈ ആക്ററിൻ കീഴിലുള്ള ഒരു കുററത്തിന് കുററസ്ഥാപനം ചെയ്യ
പ്പെടുകയും അങ്ങനെയുള്ള കുററസ്ഥാപനം ഏതെങ്കിലും അപ്പീലിലോ റിവി
ഷനിലോ മറിച്ചാക്കപ്പെടുകയോ അസ്ഥിരപ്പെടുത്തുകയോ, ചെയ്യാതിരിക്കു
കയും ചെയ്യുന്നിടത്ത്, ഗവൺമെൻറിന് അതിൻെറ അഭിപ്രായത്തിൽ, സംഗതി
യുടെ പരിതസ്ഥിതികൾ, അങ്ങനെയുള്ള നടപടി നീതികരിക്കുന്നുവെങ്കിൽ
അങ്ങനെയുള്ള ഗ്രാൻറ് മുഴുവനുമോ അതിൻെറ ഏതെങ്കിലും ഭാഗമോ നിർത്തി
വെക്കുകയോ തിരിച്ചെടുക്കുകയോ ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്.

10. കുററത്തിനുള്ള പ്രേരണ.—ഈ ആക്ററിൻ കീഴിലുള്ള ഏതെങ്കിലും
കുററത്തിനു പ്രേരണ നൽകുന്ന ഏതൊരാളും ആ കുററത്തിനു വ്യവസ്ഥചെയ്
തിട്ടുള്ള ശിക്ഷ നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

11. പിൻ കുററസ്ഥാപനത്തിൻമേൽ വർദ്ധിപ്പിച്ച ദണ്ഡനം.— ഈ
ആക്ററിൻ കീഴിലുള്ള ഒരു കുററത്തിനോ അങ്ങനെയുള്ള കുററത്തിനുള്ള പ്രേര
ണയ്ക്കോ കുററസ്ഥാപനം ചെയ്യപ്പെട്ടു കഴിഞ്ഞിരിക്കെ അങ്ങനെയുള്ള ഏതെ
ങ്കിലും കുററത്തിനോ പ്രേരണയ്ക്കോ വീണ്ടും കുററസ്ഥാപനം ചെയ്യപ്പെടുന്ന
ഏതൊരാളും അങ്ങനെയുള്ള ഓരോ പിൻ കുററസ്ഥാപനത്തിൻമേലും തടവു
ശിക്ഷയും പിഴശിക്ഷയും രണ്ടും നൽകി ശിക്ഷിക്കപ്പെടുന്നതാകുന്നു.

12. ചില സംഗതികളിൽ കോടതികളാലുള്ള അനുമാനം.—ഈ ആക്ററിൻ
കീഴിലുള്ള ഒരു കുററമായിത്തീരുന്ന ഏതെങ്കിലും കൃത്യം, ഭരണഘടനയിലെ
366-ാമത് അനുച്ഛേദം 24-ാം ഖണ്ഡത്തിൽ നിർവ്വചിച്ചപ്രകാരമുള്ള ഒരു
പട്ടിക ജാതിയിലെ അംഗത്തെ സംബന്ധിച്ച് ചെയ്യപ്പെട്ടിട്ടുള്ളിടത്ത് വിപരീ
തമായത് തെളിയിക്കാത്തപക്ഷം, അങ്ങനെയുള്ള കൃത്യം, അസ്പൃശ്യത, കാര
ണമായി ചെയ്യപ്പെട്ടിട്ടുള്ളതാണെന്ന് കോടതി അനുമാനിക്കേണ്ടതാകുന്നു.

13. <u>സിവിൽ കോടതികളുടെ അധികാരിതയുടെ പരിമിതി</u>.— ഏതെങ്കിലും വ്യവഹാരത്തിലോ നടപടിയിലോ അടങ്ങിയ തീർച്ചയോ അല്ലെങ്കിൽ ഏതെങ്കിലും വിധിയോ ഉത്തരവോ പാസ്സാക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിധിയോ ഉത്തരവോ, നടത്തുന്നതോ, ഏതെങ്കിലും വിധത്തിൽ ഈ ആക്ററിലെ വ്യവസ്ഥ വിരുദ്ധമാകുമെങ്കിൽ യാതൊരു സിവിൽകോടതിയും, അങ്ങനെയുള്ള വ്യവഹാരമോ നടപടിയോ സ്വീകരിക്കുകയോ തുടരുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിയോ ഉത്തരവോ പാസ്സാക്കുയോ അല്ലെങ്കിൽ അങ്ങനെയുള്ള വിധിയോ ഉത്തരവോ മുഴുവനായോ ഭാഗികമായോ നടത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(2) യാതൊരു കോടതിയും ഏതെങ്കിലും വിഷയത്തെപ്പററി ന്യായനിർണ്ണയം ചെയ്യുന്നതിലോ അല്ലെങ്കിൽ ഏതെങ്കിലും വിധിയോ ഉത്തരവോ നടത്തുന്നതിലോ, „അസ്പൃശ്യത" കാരണമായി ഏതെങ്കിലും ആളുടെമേൽ ഏതെങ്കിലും അവശത ചുമത്തുന്ന ഏതെങ്കിലും ആചാരമോ വഴക്കമോ അംഗീകരിക്കുവാൻ പാടുള്ളതല്ല.

14. <u>കമ്പനികളാലുള്ള കുററങ്ങൾ</u>.—ഈ ആക്ററിൻകീഴിലുള്ള ഒരു കുററം ചെയ്യുന്ന ആൾ കമ്പനി ആണെങ്കിൽ, ആ കുററം ചെയ്തസമയത്തു കമ്പനിയുടെ ബിസിനസ്സിന്റെ നടത്തിപ്പിനു കമ്പനിയുടെ ചാർജ്ജ് ഉണ്ടായിരിക്കുകയും കമ്പനിയോടു ഉത്തരവാദപ്പെട്ടിരിക്കുകയും ചെയ്തിരുന്ന ഏതൊരാളും ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനാകുന്നതുമാണ്.

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, തന്റെ അറിവുകൂടാതെയാണ് ആ കുററം ചെയ്തതെന്നോ അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നത് തടയുവാൻ വേണ്ട എല്ലാ ശ്രദ്ധയും താൻ ചെലുത്തിയെന്നോ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിൻകീഴിലുള്ള ഒരു കുററം കമ്പനിയുടെ ഏതെങ്കിലും ഡയറക്ടരുടേയോ, മാനേജരുടേയോ, സെക്രട്ടറിയുടേയോ മററ് ഉദ്യോഗസ്ഥന്റേയോ, സമ്മതത്തോടുകൂടി ചെയ്യപ്പെട്ടിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ, മററുദ്യോഗസ്ഥനോ കൂടി ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും അർഹനാകുന്നതും ആണ്.

വിശദീകരണം.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) 'കമ്പനി' എന്നാൽ ഏതെങ്കിലു ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ വ്യക്തികളുടെ മററ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു,

(ഖ) 'ഡയറക്ടർ എന്നാൽ ഒരു ഫേം സംബന്ധിച്ച് ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നു.

15. ഈ ആക്റ്റ് പ്രകാരമുള്ള കുററങ്ങൾ കോഗ്നൈസബിളും രാജിയാക്കാവുന്നവയുമാണ്.— ക്രിമിനൽ നടപടി നിയമസംഹിത 1898 (1898-ലെ 5ൽ) എന്തുതന്നെ അടങ്ങിയിരുന്നാലും—

(ക) ഈ ആക്റ്റിൻകീഴിലുള്ള ഏതൊരു കുററവും കോഗ്നൈസബിൾ ആയിരിക്കുന്നതും ;

(ഖ) അങ്ങനെയുള്ള ഏതൊരു കുററവും കോടതിയുടെ അനുവാദത്തോടുകൂടെ രാജിയാക്കാവുന്നതും

ആകുന്നു.

16. ഈ ആക്റ്റിന് മററു നിയമങ്ങൾ സംബന്ധിച്ചിടത്തോളം അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.—ഈ ആക്റ്റിൽ മററുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അവയ്ക്ക് അസംഗതമായി തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലുംനിയമത്തിലോ അല്ലെങ്കിൽ ഏതെങ്കിലും ആചാരത്തിലോ വഴക്കത്തിലോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻെറ ബലത്തിൽ പ്രഭാവമുള്ള ഏതെങ്കിലും പ്രമാണത്തിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടേയോ മററു അധികാരസ്ഥാനത്തിൻേറയോ വിധിയിലോ, ഉത്തരവിലോ എന്ത് തന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുന്നതാണ്.

17. റദ്ദാക്കൽ.— പട്ടികയിൽ വിനിർദ്ദിഷ്ടമാക്കിയിട്ടുള്ള അധിനിയമങ്ങൾ, അവയോ അവയിൽ അടങ്ങിയ വ്യവസ്ഥകളിൽ ഏതെങ്കിലുമോ ഈ ആക്റ്റിനോടോ ഈ ആക്റ്റിൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകളോടോ തൽസ്ഥാനീയമോ വിരുദ്ധമോ ആയിരിക്കുന്നിടത്തോളം ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

## പട്ടിക

[17-ാം വകുപ്പ് നോക്കുക]

1. ദി ബിഹാർ ഹരിജൻ (റിമൂവൽആഫ് സിവിൽ ഡിസബിലിററീസ്) ആക്റ്റ്, 1949 (ബിഹാർ ആക്റ്റ് 1949-ലെ 10)

2. ദി ബാംബേ ഹരിജൻ (റിമൂവൽ ആഫ് സോഷ്യൽ ഡിസബിലിററീസ്) ആക്റ്റ്, 1946 (ബോംബേ ആക്റ്റ് 1947-ലെ 10.)

3. ദി ബോംബേ ഹരിജൻ ടെംപിൾ എൻട്രി ആക്റ്റ് (ബോംബേ ആക്റ്റ് 1947-ലെ 35)

4. ദി സെൻട്രൽ പ്രോവിൻസസ്സ് ആൻഡ് ബിഹാർ ഷെഡ്യൂംഡ് കാസ്റ്റ്സ് (റി മൂവൽ ആഫ് ഡിസബിലിററീസ്) ആക്റ്റ്, 1947 (സെൻട്രൽ പ്രാവിൻസസ്സ് ആൻറ് ബിഹാർ ആക്റ്റ്, 1947-ലെ 25)

5. ദി സെൻട്രൽ പ്രാവിൻസസ്സ് ആൻഡ് ബിഹാർ ടെംബിൾ എൻട്രി ആതറൈസേഷൻ ആക്റ്റ്, 1947 (സെൻട്രൽ പ്രോവിൻസസ്സ് ആൻഡ് ബിഹാർ ആക്റ്റ്, 1947-ലെ 41)

6. ദി ഈസ്ററ് പഞ്ചാബ് (റി മൂവൽ ആഫ് റിലിജിയസ് ആൻഡ് സോഷ്യൽ ഡിസബിലിററീസ്) ആക്റ്റ്, 1948 (ഈസ്ററു പഞ്ചാബ് ആക്റ്റ്, 1948-ലെ 16)

7. ദി മദ്രാസ് റിമൂവൽ ആഫ് സിവിൽ ഡിസബിലിററീസ് ആക്ററ്, 1938 (മദ്രാസ് ആക്ററ് 1938-ലെ 21)

8. ദി ഒറീസ്സാ റിമൂവൽ ആഫ് സിവിൽ ഡിസബിലിററീസ് ആക്ററ്, 1946 (ഒറീസ്സാ ആക്ററ്, 1946-ലെ 11)

9. ദി ഒറിസ്സാ ടെംപിൾ എൻട്രി ആതറൈസേഷൻ ആക്ററ്, 1948 (ഒറീസ്സാ ആക്ററ്, 1948-ലെ 11)

10. ദി യുണൈറഡ് പ്രോവസൻസ്സ് റിമൂവൽ ആഫ് സോഷ്യൽ ഡിസബിലിററീസ് ആക്ററ്, 1947 (യൂ. പി. ആക്ററ് 1947ലെ 14)

11. ദി വെസ്ററ് ബംഗാൾ ഹിന്ദു സോഷ്യൽ ഡിസബിലിററീസ് റിമൂവൽ ആക്ററ്, 1948 (വെസ്ററ് ബംഗാൾ ആക്ററ് 1948-ലെ 37)

12. ദി ഹൈദരാബാദ് ഹരിജൻ ടെംപിൾ എൻട്രി റഗുലേഷൻ 1358 എഫ് (1358 ഫസിലിയിലെ 55)

13. ദി ഹൈദരാബാദ് ഹരിജൻ (റിമൂവൽ ആഫ് സോഷ്യൽ ഡിസബിലിററീസ്) റഗുലേഷൻ, 1358 എഫ് (1358 ഫസിലിയിലെ 56)

14. ദി മദ്ധ്യ ഭാരത് ഹരിജൻ അയോഗ്യതാ നിവാരൺ വിധാൻ സംവത് 2005 (മദ്ധ്യ ഭാരത ആക്ററ് 1949-ലെ 15)

15. ദി റിമൂവൽ ആഫ് സിവിൽ ഡിസബിലിററിസ് ആക്ററ് 1943 (മൈസൂർ ആക്ററ് 1943-ലെ 42)

16. ദി മൈസൂർ ടെംപിൾ എൻട്രി ആതറൈസേഷൻ ആക്ററ്, 1948 (മൈസൂർ ആക്ററ് 1948-ലെ 14)

17. ദി സൗരാഷ്ട്രാ ഹരിജൻ (റിമൂവൽ ആഫ് സോഷ്യൽ ഡിസബിലിററീസ് ആർഡിനൻസ് (1842-ലെ 40)

18. തിരുവിതാംകൂർ-കൊച്ചി സാമൂഹ്യ അവശതകൾ നീക്കം ചെയ്യൽ ആക്ററ്, 1125 (തിരുവിതാംകൂർ-കൊച്ചി ആക്ററ് 1125-ലെ 18)

19. തിരുവിതാംകൂർ-കൊച്ചി ക്ഷേത്ര പ്രവേശന (അവശതകൾ നീക്കം ചെയ്യൽ) ആക്ററ്, 1950 (തിരുവിതാംകൂർ-കൊച്ചി ആക്ററ് 1950-ലെ 22)

20. ദി കൂർഗ് ഷെഡ്യൂംഡ് കാസ്ററ്സ് (റിമൂവൽ ആഫ് സിവിൽ ആൻഡ് സോഷ്യൽ ഡിസബിലിററീസ്) ആക്ററ് 1949 (കൂർഗ് ആക്ററ് 1949–ലെ 1)

21. ദി കൂർഗ് ടെംപിൾ എൻട്രി ആതറൈസേഷൻ ആക്ററ്, 1949 (കൂർഗ് ആക്ററ് 1949-ലെ 2)

---

3/2635/V